ശ്രീ. പി. കെ. കുഞ്ഞച്ചൻ: Stage I കഴിഞ്ഞിട്ട വർഷങ്ങൾതന്നെ കഴിഞ്ഞിട്ടുള്ള ബ്ലോക്കുകളുണ്ടു്. അവയെ സംബന്ധിച്ചുള്ള പ്രവർത്തനത്തിന്റേയും സ്റ്റാഫിന്റേയും മറ്റും കാര്യങ്ങൾക്കു് ഇത്രകാലത്തിനകം തീരുമാനമെടുക്കുമെന്നു പറയാമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അതിനെ സംബന്ധിച്ചെല്ലാം വലിയ കാലതാമസംകൂടാതെ തീരുമാനം എടുക്കാവുന്നതാണു്.

പെൻഷൻകാർക്കു നൽകുന്ന ആനുകൂല്യങ്ങൾ.

* 709. [14] ശ്രീ. കെ. സി. ഏബ്രാഹാം : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രഗവണ്മെന്റു ജീവനക്കാർക്കു് പെൻഷൻകാര്യത്തിൽ ഇൻഡ്യഗവണ്മെന്റു് അടുത്തകാലത്തു് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംസ്ഥാനഗവണ്മെന്റു ജീവനക്കാർക്കും അനുവദിക്കുവാൻ ഉദ്ദേശമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സംസ്ഥാനഗവണ്മെന്റു ജീവനക്കാർക്കു് പെൻഷൻകാര്യത്തിൽ ഒരു ചെറിയ ആനുകൂല്യം അനുവദിക്കുന്നതാണെന്നു 28–2–1964–ലെ ബഡ്ജറ്റു പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

ശ്രീമതി കുസുമം : ഗവണ്മെന്റു ജീവനക്കാരുടെ പെൻഷൻ മിനിമം 20 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നു ബഡ്ജറ്റു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. പ്രൈവറ്റുസ്കൂൾ അദ്ധ്യാപകർക്കും അങ്ങനെ കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോൾ അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. അതിനു് എത്രത്തോളം സാമ്പത്തികബാദ്ധ്യത വരുമെന്നു പഠിച്ചുകൊണ്ടിരിക്കുകയാണു്.

പ്രൈവറ്റുസ്കൂളുകളിലെ ഹൈസ്കൂൾ അദ്ധ്യാപകർ.

* 710. [15] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റുസ്കൂളുകളിലെ ഹൈസ്കൂൾ അദ്ധ്യാപകർക്കു് ഫസ്റ്റു് ഗ്രേഡിലേക്കു് പ്രമോഷൻ കൊടുക്കുന്നതിനുള്ള ഉത്തരവു് പുറപ്പെടുവിച്ചതെന്നാണു് ;

(ബി) ഓരോ വിദ്യാഭ്യാസമേഖലയിലും ഇതുവരെ എത്രപേർവീതം I ഗ്രേഡിലേക്കു് പ്രമോഷൻ നൽകിയിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 29–4–1963–ൽ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : പ്രൈവറ്റു സ്കൂൾ ടീച്ചേഴ്സിനെ സംബന്ധിച്ചിടത്തോളം, പെൻഷൻ, പ്രൊവിഡണ്ടുഫണ്ടു്, പ്രമോഷൻ മുതലായവ 1960–ലെ ഭേദഗതിനിയമപ്രകാരം അനുവദിച്ചിരുന്നതു്. അതിനെസംബന്ധിച്ചു് ഗവണ്മെന്റു 29–4–1963–ലാണു് ഒരു ഉത്തരവു പുറപ്പെടുവിച്ചതെന്നു പറഞ്ഞു. മൂന്നുകൊല്ലമായിട്ടും ഇതുവരെ ഈ ആനുകൂല്യങ്ങൾ നടപ്പാക്കുന്നതിനു കാലതാമസം വരുത്തുന്നതിനെപ്പറ്റി അന്വേഷണം നടത്തി ഉടനെ കഴിയുന്നതുംവേഗം ഇതു നടപ്പാക്കുവാൻ നിർദ്ദേശം നൽകുമോ ?

ശ്രീ. ആർ. ശങ്കർ : അതിനെപ്പറ്റി അന്വേഷിച്ചതിൽ, കാലതാമസത്തിനു പ്രധാനകാരണം, വേണ്ടിടത്തോളം സ്റ്റാഫു് ഇല്ലാത്തതാണെന്നു മനസ്സിലാക്കി, ആവശ്യമുള്ള സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ടു്. ഇനി കാലതാമസം വരാൻ ഇടയില്ല.

LIBRARY ARCHIVES Kerala Legislative Assembly